എം. ഡി. എൽ. പി. എസ്, പുത്തൻകാവ്

2025-26

# പടവുകൾ

# padavukal

# ഉള്ളടക്കം


1. അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. ലക്ഷ്യങ്ങൾ
4. വിദ്യാലയത്തിന്റെ ലഘു ചരിത്രം.
5. വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്.
6. നിലവിലെ അവസ്ഥ വിശകലനം.
7. പ്രവർത്തന പദ്ധതികൾ
8. പ്രതീക്ഷിത നേട്ടങ്ങൾ.
9. ഉപസംഹാരം.

# ആമുഖം

അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ്. എന്ന ആശയത്തിലൂന്നിയായിരിക്കണം വിദ്യാലയ വികസന പദ്ധതിക്ക് രൂപം നൽകുന്നത്. ഇതിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിന് സഹായകമായ കർമ്മപദ്ധതികൾ ഉൾക്കൊള്ളുന്നതായിരിക്കണം വിദ്യാലയ വികസന പദ്ധതി. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക സന്നദ്ധ സംഘടനപ്രവർത്തകർ വിവിധ സർക്കാർ, സർക്കാരിതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെ മാത്രമേ ഇത്തരത്തിലുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കഴിയൂ. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വാതന്ത്ര്യവും ശിശുസൗഹൃദ പരവുമായ അന്തരീക്ഷമൊരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ലഭ്യതയും കാര്യക്ഷമതയുമാണ്. ലഭ്യത എന്നു കൊണ്ട് അർത്ഥമാക്കുന്നത് സുരക്ഷിതവും ഉണർവ്പ്രദവുമായ പഠന സാഹചര്യം എല്ലാവർക്കും പ്രാപ്തമാക്കലാണ്. കാര്യക്ഷമത എന്നത് ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദമായ ഉപയോഗമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ-ശുചിത്വ-സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.

പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അധ്യാപക- രക്ഷകർതൃ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കേണ്ടതാണ്. ഓരോ ക്ലാസിലെയും വിദ്യാർത്ഥികൾ ആർജിക്കേണ്ട പഠനനിലവാരം നിഷ്കർഷിക്കുകയും അതിൽ നിന്ന് എന്തെ കുറവുണ്ടെന്ന് വിലയിരുത്തുകയും ആ കുറവ് പരിഹരിക്കാനുള്ള പഠനപ്രക്രിയ ഏകോപിപ്പിക്കുകയും ചെയ്യുക എന്ന വിദ്യാർത്ഥി കേന്ദ്രീകൃതമായ ഇടപെടൽ ആണ് ഉദ്ദേശിക്കുന്നത്. പൊതു വിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനു വേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപനത്തി ഉൾക്കൊണ്ട് പൊതു വിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശത്തോട് കൂടി ആവിഷ്കരിച്ചിരിക്കുന്നത് ആണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം.

വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 6 വയസ്സ് മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക.

## ലക്ഷ്യങ്ങൾ.

- പ്രീ പ്രൈമറി മുതൽ നാലു വരെ ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയെടുത്തുവെന്ന് ഉറപ്പുവരുത്തുക.

- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കണം.
- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
- "ഓരോ കുട്ടിയും ഒന്നാമനാണ്" എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
- ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കണ്ടെത്തി ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
- ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ SRG യുടെ നേതൃത്വത്തിൽ ലഭ്യമായി.
- "വിദ്യാലയം ഒരു പാഠപുസ്തകം" എന്ന ആശയം മുൻനിർത്തി അറിവ് നിർമാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
- ആശയ പ്രകടന ശേഷി വർധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാ ബോധം ഒഴിവാക്കി

"ആക്ടീവായ" വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

- മാലിന്യ മുക്ത വിദ്യാലയം ഹരിത പെരുമാറ്റചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
- രാസലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതൽ.
- അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുക എന്നതാണ് പൊതുവായ ലക്ഷ്യം.

## സ്കൂൾ ചരിത്രം

1913-ൽ സ്ഥാപിതമായ ഈ സ്കൂൾ ചിറക്കുശേരിയിലാണ് സ്ഥിതി ചെയ്യുന്നത്. ദാരിദ്ര്യം, കുടുംബഭാരം, തമ്പുരാക്കന്മാരുടെ ഭരണം എന്നിവ ജനങ്ങൾക്ക് കഷ്ടതയായിരുന്നു. തന്മൂലം മുന്നാക്ക വിഭാഗങ്ങൾക്ക് മാത്രമേ സ്കൂളിൽ പോകാൻ കഴിഞ്ഞുള്ളൂ. പോയവർ മിക്കവരും പ്രൈമറി ക്ലാസുകൊണ്ട് പഠനം നിർത്തി. അന്നത്തെ കാലത്ത് അടുത്ത പ്രദേശങ്ങളിലൊന്നും സ്കൂളുകൾ ഇല്ലായിരുന്നു. പൊയ്കയിൽ ഉണ്ണി സാർ പൈനുംമൂട്ടിൽ തോമാ സാർ കൊടുംകുളഞ്ഞിയിൽ ഉള്ള ചാക്കോ സാർ എന്നിവരുടെ [illegible] നേതൃത്വത്തിൽ കത്തോലിക്ക മാനേജ്മെന്റുമായി സഹകരിച്ച് സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

കുറച്ചു വർഷങ്ങൾക്കു ശേഷം ഓർത്തഡോക്സ് സഭാ മാനേജ്മെന്റ് സ്കൂൾ ഏറ്റെടുത്തു. ഈ സ്കൂളിനോടൊപ്പം ഒരു കുടിപ്പള്ളിക്കൂടവും ഉണ്ടായിരുന്നു. ആദ്യകാലഘട്ടങ്ങളിൽ ഈ സ്കൂൾ ഓലമേഞ്ഞതായിരുന്നു. പിന്നീട് സ്കൂൾ ഓടിടുകയും സ്കൂളിന്റെ മുൻ വശത്തായി കിണർ സ്ഥാപിക്കുകയും ചെയ്തു. അഞ്ചാം ക്ലാസു വരെയുണ്ടായിരുന്ന ഈ സ്കൂളിൽ ആദ്യ കാലങ്ങളിൽ 500 ഓളം കുട്ടികളുണ്ടായിരുന്നു. തുടർന്നുള്ള കാലയളവിൽ ഇംഗ്ലീഷ് മീഡിയം കുട്ടികളുടെ വർദ്ധനവും ഈ സ്കൂളിന്റെ ഭൗതിക സാഹചര്യത്തിന്റെ അപര്യാപ്തതയും മൂലം കുട്ടികളുടെ എണ്ണം കുറയാനിടയായി. അതിന്റെ ഫലമായി സ്കൂളിൽ ഷിഫ്റ്റ് സമ്പ്രദായം നിലവിൽ വന്നു. ഷിഫ്റ്റ് സമ്പ്രദായം നിലവിലിരുന്നിട്ടും കുട്ടികളുടെ എണ്ണത്തിൽ അധികം കുറവുവന്നില്ല. എന്നാൽ 92-93 കാലഘട്ടത്തിൽ കുട്ടികളുടെ എണ്ണം 10ൽ താഴെ വന്നു. തൽഫലമായി മാവേലിക്കര D.E.O യുടെ ഉത്തരവ് പ്രകാരം സ്കൂൾ പൂട്ടാൻ തീരുമാനിച്ചു. എന്നാൽ സ്കൂൾ മാനേജരായ അഭിവന്ദ്യ തോമസ് അത്താനാസിയോസ് തിരുമേനിയുടെ ഇടപെടൽ മൂലം ആ ഉത്തരവ് സ്റ്റേ ചെയ്തു. രണ്ടു വർഷത്തോളം അദ്ധ്യാപകർക്ക് ശമ്പളം ലഭിച്ചില്ല ഇതിനെതിരെ അദ്ധ്യാപകർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കേസിന്റെ വിധി അനുകൂലമായി ലഭിക്കുകയും ചെയ്തു. സ്കൂൾ മാനേജ്മെന്റ്, PTA, നാട്ടുകാർ അദ്ധ്യാപകർ എന്നിവരുടെ പ്രവർത്തന ഫലമായി കുട്ടികൾ വർദ്ധിച്ചു.

ഈ പ്രദേശത്തുള്ള പൊയ്കയിൽ ഉണ്ണീസർ,
തോമസ് സാർ, മറ്റത്താണ്ടിയേത്ത് ജോൺസൺ സർ,
ഇടനാട്. കല്ലേലിൽ ഏലിയാമ്മ ടീച്ചർ എന്നിവർ ഇവിടെ
സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈ സ്കൂളിൽ പൂർവ്വ വിദ്യാർത്ഥി
യായിരുന്ന ഫാദർ M.K തോമസ്, മലബാർ മേഖലത്തിൽ
അമേരിക്കയിൽ പ്രൊഫസറായും അതോടൊപ്പം വൈദിക-
നായും സേവനമനുഷ്ഠിച്ചിരുന്നു. V.C എബ്രഹാം കോർ
എപ്പിസ്കോപ്പയും, ഫാദർ NS ഫിലിപ്പോസ് നെടു
പറമ്പിലും ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്.
നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സൈനിക
രായി സേവനമനുഷ്ഠിച്ച അനേകം പൂർവ്വ വിദ്യാർത്ഥി-
കളുണ്ട്. ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന സുബേദാ
റായി വിരമിച്ചവരാണ് കടവിൽ ശ്രീ ചാണ്ടി തോമസ്,
കടമ്പേലിൽ ശ്രീ. K.C മത്തായി എന്നിവർ; ഈ സ്കൂളി
ലെ പൂർവ്വ വിദ്യാർത്ഥികളാണ്. ചരിവുപറമ്പിൽ ജോൺബിൻ
ജോസഫ് അഡ്വക്കേറ്റായി സേവനമനുഷ്ഠിക്കുന്നു.

ഈ സ്കൂളിലെ മുൻ അധ്യാപികയായിരുന്ന
ശ്രീമതി. C.C ഏലിയാമ്മ സ്കൂളിന് ഒരു കൊടിമരം
നിർമ്മിച്ചു തന്നു. 1988-89 കാലയളവിൽ ഹെഡ്മാസ്റ്റർ
ആയിരുന്ന ശ്രീ. ജി. കോശിയാണ് ഇന്ന് ഈ സ്കൂളി-
ലേക്ക് കുട്ടികൾ കടന്നു വരുന്ന വഴി വിശാലമായി ടാർ
വേണ്ടി പരിശ്രമിക്കുകയും നടപ്പിലാക്കുകയും ചെയ്തു. മുൻ വാർഡ് മെമ്പറാ
യിരുന്ന കടവിൽ ജോർജി തോമസാണ് ഈ വഴി
കോൺക്രീറ്റ് ചെയ്യുകയും അതോടൊപ്പം സ്കൂളിന്
മതിൽ, ഗേറ്റ്, വിറകുപുര എന്നിവ നിർമ്മിച്ചു തരുകയും
ചെയ്തു.

സ്കൂളിന്റെ ഓഫീസ് രേഖകൾ സൂക്ഷിച്ചു വയ്ക്കാനാവശ്യമായ സ്റ്റീൽ കബോർഡ് വാങ്ങിത്തന്നത് പൂർവ്വ വിദ്യാർത്ഥി ആയിരുന്ന ശ്രീ. N.C ജോർജ്ജ് ആണ്.

## സ്കൂൾ വികസിന്റെ കാഴ്ചപ്പാട്.

- വിദ്യാലയത്തെ അറിവിന്റെയും വികസിന്റെയും കേന്ദ്രമാക്കി മാറ്റാൻ ശ്രമിക്കുന്നു.
- ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരമ്പരാഗത പഠനരീതിയിൽ മാറ്റം വരുത്തുന്നു.
- പൂർവ്വ വിദ്യാർത്ഥികൾ, SMC, സാമൂഹിക പ്രവർത്തകർ, എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി ജനകീയമായി ചിത്രവത്തിൽ നിർവഹിക്കുന്നു.
- കൃഷിയുമായി ബന്ധപ്പെട്ട ഓരോ അനുഭവങ്ങളും പാഠഭാഗങ്ങളുമായും പഠനനേട്ടങ്ങളുമായും ബന്ധപ്പെടുത്തുന്നു.
- പാരിസ്ഥിതിക അവബോധത്തെയും കുറിച്ചുള്ള ക്ലാസ്സുകൾ കുട്ടികൾക്ക് നൽകുന്നു.
- രോഗങ്ങളില്ലാത്ത മാലിന്യങ്ങളില്ലാത്ത ഒരു സുന്ദരകേരളത്തെ വാർത്തെടുക്കുന്നതിന് കുട്ടികൾക്ക് പ്രചോദനം നൽകുന്നു.

## അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ.

### നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപക സമൂഹം.
- ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദ

പരമായ കെട്ടിടസൗകര്യം.

- ഓരോ കുട്ടിയും ഒന്നാമനാണ്. "പ്രതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.
- പഠനത്തിൽ പിന്നോക്ക അവസ്ഥയുള്ള കുട്ടികൾക്ക് "അമ്മയുമൊത്ത്" എന്ന പ്രത്യേക പിന്തുണാ പ്രവർത്തനങ്ങൾ.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ വിപുലമായ രീതിയിൽ നടപ്പാക്കുന്നു.

<u>പരിമിതികൾ</u>

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.
- മത്സര പരീക്ഷയിൽ പ്രത്യേകിച്ച് പൊതു വിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതാണ്.
- IT അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനം ഉയർത്താനായിട്ടില്ല.

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനത്തിന്റെ പേര് : ഉണർന്ന് വിടരാൻ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. "വിടരാൻ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു." | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. | |

2. പ്രവർത്തനത്തിന്റെ പേര് : അക്ഷരക്കൂടാരം (വായനാ കോർണർ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്മുറിയിലും പ്രത്യേക വായനാകോർണർ ഒരുക്കുന്നു. | ജൂൺ - മാർച്ച് | [illegible] ക്ലാസ് ടീച്ചർ. | 1500. |
| റീഡേഴ്സ് തിയേറ്റർ. | ക്ലാസ്റൂം പ്രക്രിയയിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | | ക്ലാസ് ടീച്ചർ. | |

3. പ്രവർത്തനത്തിന്റെ പേര് : കൈയെഴുത്ത് മാഗസിൻ.
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തലത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കൈയെഴുത്ത് മാഗസിൻ ഒരുക്കൽ. | ഒന്നാം മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ. | |

4. പ്രവർത്തനത്തിന്റെ പേര് : എന്റെ വായനാക്കുറിപ്പുകൾ
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പുകൾ തയ്യാറാക്കുക (ചെറിയ ക്ലാസിൽ വായനാകാർഡ്). വായനയ്ക്കുള്ള പുസ്തകം സ്കൂളിൽ നിന്ന് നൽകുന്നു. | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ. | |

5. പ്രവർത്തനത്തിന്റെ പേര് : രചനോത്സവം
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ. | ജൂൺ- മാർച്ച് | ഭാഷാ ക്ലബ്ബ് | 1000 |

6. പ്രവർത്തനത്തിന്റെ പേര് : സചിത്ര പാഠ രൂപീകരണം
ഉപമേഖല : ആശയഗ്രഹണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വിനിമയ ശേഷി കൈവരിക്കൽ. | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | ജൂൺ- ജൂലൈ | ക്ലാസ് ടീച്ചർ | |

7. പ്രവർത്തനത്തിന്റെ പേര്: നാടക വിശേഷം കണ്ടെടുത്ത്
ഉപമേഖല : ലേഖന വിഭാവനം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| എഴുത്തിൽ നൈപുണ്യം സർഗ ചിന്താശേഷി എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാടക പരിചയത്തെ അടിസ്ഥാനമാക്കി കണ്ടെടുത്ത ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെയ്ക്കാനും ആലോചിക്കാനും എഴുതാനും അവസരം നൽകുന്നു. | ജൂൺ- മാർച്ച് | PTA പ്രോജക്ട് ക്ലബ്ബ്. | 1000. |

8. പ്രവർത്തനത്തിന്റെ പേര് : ഭാഷോത്സവം

ഉപമേഖല : ഭാഷാ കാഴ്ച വർത്തനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ഭാഷയുടെ വിവിധ തലങ്ങൾ വിനിമയ രൂപങ്ങൾ മനസ്സിലാക്കുക. ഭാഷാ നൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാപ്രസംഗം, കഥ പറയൽ, കവിതാ പാരായണം, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം | ഒക്ടോബർ - മാർച്ച് | സ്കൂൾ ക്ലാസ് ടീച്ചർ. | |

9. പ്രവർത്തനത്തിന്റെ പേര് : സ്കൂൾ ലൈബ്രറി.

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം. |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ, സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ. | ജൂൺ - മാർച്ച് | PTA സ്കൂൾ. | |

10. പ്രവർത്തനത്തിന്റെ പേര് : സംയുക്ത ഡയറി.

ഉപമേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം. |
|---|---|---|---|---|
| സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. | കുട്ടികളുടെ അനുഭവങ്ങൾ ഉൾക്കൊള്ളിച്ച് ചിത്രത്തോട് കൂടിയ ഡയറി. | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ PTA | PTA. |
| | മികച്ച ഡയറിക്കുറിപ്പുകൾ കണ്ടെത്തുന്നു. ഡിജിറ്റൽ ഡയറി. | ജനുവരി ഫെബ്രുവരി | ക്ലാസ് ടീച്ചർ. ക്ലാസ് ടീച്ചർ, HM, PTA | PTA |

11. പ്രവർത്തനത്തിന്റെ പേര് : ഒന്നൊരുക്കം (വിദ്യാർഥികൾ)
ഉപമേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| കുട്ടികളെ നന്നായി മനസിലാക്കി അവരുടെ വികാസ മേഖലകളുമായി ബന്ധപ്പെട്ട അനുഭവ വിടവ് പരിഹരിക്കുന്നതിന്. | കഥ, പാട്ട്, കളി കരകൗശല പ്രവർത്തനങ്ങൾ, അഭിനയം തുടങ്ങി വൈവിധ്യമുള്ള ഭാഷാ സന്നദ്ധതാ പ്രവർത്തനങ്ങൾ ഒരുക്കുന്നു. | ജൂൺ ആദ്യ ആഴ്ച | ക്ലാസ് ടീച്ചർ | SSK |

2. പ്രവർത്തനത്തിന്റെ പേര് : പത്രവായന (3&4 ക്ലാസുകൾ)
ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| കുട്ടികളുടെ വായനാശേഷിയും പൊതു വിജ്ഞാനവും വർധിപ്പിക്കുന്നതിന്. | എല്ലാ ദിവസവും പത്രം വായിക്കുകയും എഴുതുകയും ചെയ്യുന്നു. സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ജൂൺ- മാർച്ച് | ക്ലാസ്ടീച്ചർ HM | JCI |

## ഇംഗ്ലീഷ്.

1. പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടന വേദികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക. | ആഴ്ചയിൽ ഒരിക്കൽ കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ്. | |

2. പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി. (3,4 ക്ലാസ്)
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

3. പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ന്യൂസ്‌ലെറ്റർ (3,4 ക്ലാസുകളിൽ)
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെ കുറിച്ച് ഇംഗ്ലീഷിൽ ന്യൂസ്‌ലെറ്റർ ഒരുക്കുക. | ഓരോ മാസവും | ക്ലാസ് ടീച്ചർ. | |

4. പ്രവർത്തനത്തിന്റെ പേര് : Reading card Workshop

ഉപമേഖല : വായന സാമഗ്രി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ. | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

5. പ്രവർത്തനത്തിന്റെ പേര് : Worksheet Work Shop

ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | വർക്ക്ഷീറ്റുകൾ തയ്യാറാക്കി കുട്ടികളുടെ നിലവാരം മനസിലാക്കുന്നു. | ജൂലൈ | SRG | |

# ഗണിതം

പ്രവർത്തനത്തിന്റെ പേര് : ഗണിതമേഖല

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കുന്നു. (മഞ്ചാടി, കാർഡ്, തുടങ്ങിയവ) | ജൂലൈ | ക്ലാസ് ടീച്ചർ | |

2. പ്രവർത്തനത്തിന്റെ പേര് : ഗണിതശില്പശാല

ഉപമേഖല : പഠനോപകരണങ്ങൾ തയ്യാറാക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസുകളിലേക്കും പഠനനേട്ടങ്ങൾ മുൻനിർത്തി പഠനോപകരണങ്ങൾ തയ്യാറാക്കൽ. | ഓരോ ടേമിന്റെയും തുടക്കത്തിൽ | ക്ലാസ് ടീച്ചർ PTA | |

3. പ്രവർത്തനത്തിന്റെ പേര് : ഗണിത ലാബ്.

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും ലഭിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപെടുവാൻ സഹായകരമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ. | ജൂൺ-മാർച്ച് | സ്കൂൾ മാനേജ്മെന്റ് | |

4. പ്രവർത്തനത്തിന്റെ പേര് : യൂണിറ്റ് വിലയിരുത്തൽ.
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദീകരണം. |
|---|---|---|---|---|
| ഓരോ ക്ലാസിലും [illegible] കുട്ടികൾ [illegible] പഠനം ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെ-യും അവസാനം [illegible] നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |

5. പ്രവർത്തനത്തിന്റെ പേര് : ഗണിത ക്ലാസ് പി.ടി.എ
ഉപമേഖല : CPTA ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിശദീകരണം |
|---|---|---|---|---|
| ഓരോ ക്ലാസിലും [illegible] വിദ്യാ[illegible] ചെയ്യുന്ന [illegible]ഗണിതശേഷി നേടി എന്ന് ഉറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ [illegible] പ്രവർത്തനങ്ങൾ രക്ഷിതാ-ക്കൾക്ക് ലിസ്റ്റ് ചെയ്ത് നൽകുന്നു. പിന്തുണാസം-വിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

# പരിസര പഠനം

1. പ്രവർത്തനത്തിന്റെ പേര് : എന്റെ പരീക്ഷണം (കുറിപ്പ്) 3-4 ക്ലാസ്
ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്ര അവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. | എല്ലാ മാസവും | ക്ലാസ് ടീച്ചർ. | |

2. പ്രവർത്തനത്തിന്റെ പേര് : പ്രകൃതിനടത്തം
ഉപമേഖല : പ്രകൃതിയെ അറിയൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരീക്ഷണം അറിവ് നിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |

3. പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര മാസിക.
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM SRG ക്ലാസ് ടീച്ചർ. | PTA. |

4. പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര വിസ്മയച്ചുമർ
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കും. | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | |

5. പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രോത്സവം
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG ക്ലാസ് ടീച്ചർ | PTA |

# ബോധവത്ക്കരണ ക്ലാസുകൾ

| തീയതി | വിഷയം | ചുമതല. |
|---|---|---|
| 9/6/2025 | പൊതുവിഷയങ്ങൾ. | ഷൈനി എലിസബത്ത് (HM) |
| 10/6/2025 | ട്രാഫിക് നിയമങ്ങൾ | രമ്യ രേണു (ടീച്ചർ) |
| 11/6/2025 | വ്യക്തിശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്ക്കരണം | ഷീബാ. K. ഗോപാലൻ (ടീച്ചർ) |
| 12/6/2025 | ആരോഗ്യം, വ്യായാമം, കായികക്ഷമത ആരോഗ്യ ശീലം. | ഷീബാ. K. ഗോപാലൻ (ടീച്ചർ) |
| 13/6/2025 | ഡിജിറ്റൽ അച്ചടക്കം | അഞ്ജു. T (ടീച്ചർ) |
| 16/6/2025 | പൊതുമുതൽ സംരക്ഷണം. | മഞ്ജു. S. നായർ (ടീച്ചർ) |
| 17/6/2025 | പരസ്പര സഹകരണം | മഞ്ജു. S. നായർ (ടീച്ചർ) |
| 18/6/2025 | പൊതു ക്രോഡീകരണം | ഷൈനി എലിസബത്ത് (HM) |

## പ്രതീക്ഷിത നേട്ടങ്ങൾ

ശിശു സൗഹൃദ പരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു. സ്കൂൾ സമൂഹത്തിന് ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നു. വിദ്യാഭ്യാസ രംഗത്തു ഉള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടാൻ കഴിയുന്നു. സ്കൂൾതലം മുതലുള്ള മോണിറ്ററിങ് രീതി ശക്തമാക്കുന്നു.

## ഉപസംഹാരം

എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകും. അവരവരുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്കെത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കും. സ്വയം പഠനവും കൂട്ടായ പഠനവും പഠനപ്രക്രിയയുടെ ഭാഗമാണ്. മികച്ച പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി വിദ്യാലയങ്ങളുടെ മേൽനോട്ടവും നടത്തിപ്പും മെച്ചപ്പെടുത്തും. മത്സരാധിഷ്ഠിത ലോകത്തെ അതിജീവിക്കാനാവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജിക്കുന്നതിനോടൊപ്പം മതനിരപേക്ഷത, ജനാധിപത്യ ബോധം, തുല്യത, സഹകരണം തുടങ്ങിയ ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിനാവശ്യമായ മൂല്യബോധങ്ങൾ ഉളവാക്കാൻ സഹായകമായ പഠനാന്തരീക്ഷവും ഒരുക്കും. പഠനപ്രക്രിയയും